(എ) നെയ്യാറ്റിൻകര താലൂക്കിലെ തെക്കൻ മേഖലകളിലെ പരമ്പരാഗത പന കയറ്റ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കരുപ്പെട്ടി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കച്ചവടത്തിന് കൊണ്ടുപോകുമ്പോൾ, പോലീസ് അകാരണമായി തടഞ്ഞ് കള്ളക്കേസിൽ കുടുക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരുപ്പെട്ടി ഉല്പാദകരുടെയും ചെറുകച്ചവടക്കാരുടെയും പേരിൽ കള്ളക്കേസ് എടുക്കുന്നത് തടയുന്നതിനാവശ്യമായ ഉത്തരവ് പോലീസിന് നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് വികലാംഗർക്ക് ലഭിച്ച നിയമനം

16(16) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 1997 ജനുവരി 1 മുതൽ 1998 ഡിസംബർ വരെ ഗവൺമെന്റ് സ്ഥാപനങ്ങളിൽ എത്ര വികലാംഗരെ വിവിധ വകുപ്പുകളിലായി നിയമിച്ചിട്ടുണ്ട് ;

(ബി) ഇതിൽ ബധിരർ, അന്ധർ, മറ്റു വിഭാഗത്തിൽപ്പെട്ട വികലാംഗർ എന്നിവരിൽ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ;

(സി) 1997 മുതൽ 1998 ഡിസംബർ വരെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുത്ത വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 1-1-1997-നും 14-8-1998-നും ഇടയിൽ താൽക്കാലിക സർവീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെയാണ് സർവീസിൽ തുടരാൻ പുനർനിയമനം നൽകാൻ ഉത്തരവായത്. ടി ഉത്തരവിന്റെ ആനുകൂല്യം പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. ഇത്തരക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച 13-10-1999-ലെ ജി.ഒ.(പി)16/99/പി ആന്റ് ഏ.ആർ.ഡി ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്റ്റേ ഉത്തരവ് നീങ്ങിയതിനുശേഷം മാത്രമേ അനന്തര നടപടി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ.

സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ

17(17) ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ വർദ്ധിപ്പിച്ച് മൂവായിരം രൂപയാക്കണമെന്ന് കേരളാ ഫ്രീഡം ഫൈറ്റേഴ്സ് സ്റ്റേറ്റ് പെൻഷനേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) കേന്ദ്രത്തിലും അയൽസംസ്ഥാനങ്ങളിലും സ്വാതന്ത്ര്യസമര സേനാനികൾക്ക് നൽകുന്ന പെൻഷൻ തുക കണക്കിലെടുത്ത് കേരളത്തിലും നിവേദനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

വ്യയനിയന്ത്രണ ഉത്തരവനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥരുടെയും പൊതുമേഖലാസ്ഥാപന മേധാവികളുടെയും വിദേശയാത്രകൾക്ക് വിലക്ക്

18(18) ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥരുടെയും പൊതുമേഖലാസ്ഥാപന മേധാവികളുടെയും വിദേശയാത്രകൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) വിദേശയാത്ര സംബന്ധിച്ച് വ്യയനിയന്ത്രണ ഉത്തരവിലുള്ള വ്യവസ്ഥകൾക്ക് ഇളവനുവദിക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഉത്തരവ് പുറപ്പെടുവിച്ചശേഷം ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥരോ പൊതുമേഖലാസ്ഥാപന ഉദ്യോഗസ്ഥരോ വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) കയർഫെഡ് ഉദ്യോഗസ്ഥർ ആരെങ്കിലും വ്യയനിയന്ത്രണ ഉത്തരവ് നിലവിലുള്ളപ്പോൾ വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ വ്യയനിയന്ത്രണ ഉത്തരവിൽ ഇളവു നൽകി വിദേശയാത്രയ്ക്ക് അനുമതി നൽകിയത് ആരാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) അനുമതി ഇല്ലാതെയാണ് വിദേശയാത്ര നടത്തിയതെങ്കിൽ അങ്ങനെ ചെയ്തവർക്കെതിരെ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) സ്വകാര്യയാത്രയാണ് നടത്തിയതെങ്കിൽ അതിനുള്ള ചെലവ് വഹിച്ചത് ആരാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly